ലേഖനം

തെയ്യങ്ങളുറഞ്ഞാടും കാവുകൾ

– പ്രമീള നമ്പ്യാർ

വടക്കു കാസർഗോഡു മുതൽ തെക്ക് അനന്തപുരിവരെ വ്യാപിച്ചു കിടക്കുന്നു നമ്മുടെ കൊച്ചു കേരളം. ഇവിടുത്തെ ഓരോ ജില്ലയ്ക്കും, അവിടുത്തെ വിവിധ മത വിഭാഗങ്ങൾക്കും തനതായ ആചാരാനുഷ്ഠാനങ്ങളുണ്ട്. അതുകൊണ്ടാവണം പല നാടുകളുടെയും പേരുകൾ കേൾക്കുമ്പോൾ നമ്മുടെ മുമ്പിൽ വിവിധ ബിംബങ്ങൾ തെളിയുന്നത്. ഉദാഹരണമായി തൃശ്ശൂരെന്നു കേൾക്കുമ്പോൾ നെറ്റിപ്പട്ടം കെട്ടി നിരനിരയായി നിൽക്കുന്ന കരിവീരൻമാരും, ചെണ്ടമേളവുമാണ് മനസ്സിൽ തെളിയുക. കായലുകളുടെ നാടായ ആലപ്പുഴ എന്ന് കേൾക്കുമ്പോൾ വഞ്ചിപ്പാട്ടിന്റെ ഈണവും, താളവും കാതിൽ നിറയും. എന്നാൽ വടക്കൻ ജില്ലയായ കണ്ണൂരിലാവട്ടെ വാളും, ചിലമ്പും കിലുങ്ങുന്ന ശബ്ദമാണ് ഉയരുന്നത്. (പറഞ്ഞു വരുന്നത് എതിരാളികളെ നിഷ്ഠൂരം കൊന്നൊടുക്കുന്ന രാഷ്ട്രീയക്കാരെക്കുറിച്ചല്ല കേട്ടോ) വാളും, ചിലമ്പും കിലുക്കി ഉറഞ്ഞാടുന്നത് തെയ്യക്കോലങ്ങളാണ്. കാവുകളിൽ ചുവപ്പിന്റെ കടൽ സൃഷ്ടിച്ച് തിമർത്താടുന്ന തെയ്യങ്ങളാണ് ഈ നാടിന്റെ രക്ഷകർ.

പരശുരാമസൃഷ്ടിയാണ് കേരളം എന്ന് പഴമക്കാർ പറയുന്നു. അദ്ദേഹം ബ്രാഹ്മണരെ ഈ പുതിയ ഭൂമിയിൽ കുടിയിരുത്തി. ബ്രാഹ്മണാധിപത്യം കാലാന്തരത്തിൽ ശക്തി പ്രാപിച്ചപ്പോൾ തളർന്നത് അവർണ്ണ വിഭാഗങ്ങളാണ്. ജന്മിമാരുടെ പീഢനങ്ങൾക്കിരയായി എല്ലാം സഹിച്ച് കഴിയേണ്ടിവന്ന കീഴാളന്മാർ. തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും നിലനിന്ന അക്കാലത്താണ് ഉത്തമം, മധ്യമം, അധമം എന്ന മൂന്നുതരം ആരാധനാക്രമങ്ങൾ നിലവിൽ വന്നത്.

ഉത്തമ പൂജ സവർണ്ണ ക്ഷേത്രത്തിലും, മധ്യമപൂജ ബ്രാഹ്മണർ വിശേഷദിവസങ്ങളിലും, നിത്യപൂജ അതത് സമുദായത്തിൽപ്പെട്ടവരും ചെയ്യുന്നു. അധമപൂജാസമ്പ്രദായത്തിൽ അതത് ജാതിയിൽപ്പെട്ട അധഃകൃതർ അവരവരുടെ ആരാധനാലയത്തിൽ ചെയ്യുന്ന ആരാധനയാണ്. ഇവിടങ്ങളിൽ ബിംബപ്രതിഷ്ഠയ്ക്കു പകരം വാള്, വില്ല് എന്നിവ പ്രതിഷ്ഠിക്കുന്നു. നൈവേദ്യത്തിലും ജാതിപരമായ വ്യത്യാസങ്ങൾ ഉണ്ടാകും. സവർണ്ണക്ഷേത്രങ്ങളിൽ സാത്വികമായ നൈവേദ്യവും, മറ്റുള്ളവയിൽ അതത് ജാതികളുടെ ആഹാരവുമാണ് നൈവേദ്യം.

കാസർഗോഡു തൊട്ട് മയ്യഴിവരെയാണ് തെയ്യങ്ങളുടെ ആവാസ സ്ഥാനമായ കാവുകൾ ഉള്ളത്. അധഃകൃത വിഭാഗത്തിൽപ്പെടുന്ന വണ്ണാൻ, മലയൻ, പുലയർ, വേലൻ, മുന്നൂറ്റാൻ... തുടങ്ങി പല സമുദായക്കാർ തെയ്യക്കോലം കെട്ടിയാടുന്നു. തെയ്യം കെട്ടി ചിറക്കൽ തമ്പുരാന്റെ (ചിറക്കൽ രാജവംശം) കൈയ്യിൽ നിന്നും പട്ടും വളയും വാങ്ങിയാലാണ് വണ്ണാൻ പെരുവണ്ണാനും, മലയൻ പെരുമലയനുമാകുന്നത്. ഈ വള ഒരു ബഹുമതിയായാണ് ഇവർ കരുതുന്നത്. മരണം വരെ ഈ അഭിമാന ചിഹ്നമായ വള ഇവർ കൈയിലണിയും. ഒറ്റക്കോലമെന്ന തീയിൽ ചാടുന്ന തെയ്യമാണ് ഇതിനായി ഇവർ കെട്ടിയാടുന്നത്.

തെയ്യങ്ങളുടെ വിശ്രമകാലം

മഴ തിമർത്തു പെയ്യുന്ന കാലങ്ങളിൽ കാവുകൾ ഉറങ്ങുന്നു. ഇടവപ്പാതി തൊട്ടു തുലാപ്പത്തുവരെ തെയ്യങ്ങളുടെ വിശ്രമകാലമാണ്. തെയ്യക്കോലങ്ങൾക്ക് മിഴിവേറ്റുന്ന ആടയാഭരണങ്ങൾ നിർമ്മിക്കുന്നത് ഇത്തരം ഒഴിവുകാലങ്ങളിലാണ്. മഴക്കാലത്ത് കാവുകളിൽ തെയ്യങ്ങൾ ആടുകയില്ലെങ്കിലും വീടുവീടാന്തരം കയറി അനുഗ്രഹവർഷം ചൊരിയാൻ കുട്ടിതെയ്യങ്ങൾ എത്തുന്നു. കർക്കിടകത്തിലെ ദുരിതങ്ങൾ കെടുത്താൻ ആടി വേടനും, കർക്കിടക മൂർത്തിയും എത്തുന്നു. ചെണ്ടക്കാരന്റെ കൊട്ടിന്റെ താളത്തിൽ മണികിലുക്കി ഇത്തരം കുട്ടിതെയ്യങ്ങൾ നൃത്തത്തിൽ ചുവട് വച്ചാടുന്നു. ആട്ടം കഴിഞ്ഞ് ഗുരുതി ഉഴിഞ്ഞ് മറിക്കുന്നതോടെ ചേട്ടാഭഗവതി ഒഴിഞ്ഞ് പോകുന്നു. ചിങ്ങത്തിൽ തിരുവോണനാൾ ഓണത്താറും ഇതുപോലെ അനുഗ്രഹം ചൊരിയാൻ വന്നെത്തും.

അനുഗ്രഹം ചൊരിയുന്ന തെയ്യക്കോലങ്ങൾ

തുലാപ്പത്ത് കഴിഞ്ഞാൽ ഉത്തര മലബാറിലെങ്ങും ചെണ്ടമേളവും ഒപ്പം തെയ്യത്തിന്റെ ഉരിയാടലും ഉയർന്നു കേൾക്കാം. തെയ്യത്തിന്റെ വാമൊഴിയെയാണ് ഉരിയാട്ടമെന്നു പറയുന്നത്. ഇരുട്ട് കട്ടപിടിച്ച നാട്ടുവഴിയിലൂടെ നടന്ന് കാവുകളിലെത്തിയാൽ ഓലച്ചൂട്ടുകളുടെ വെളിച്ചത്തിൽ ചെമ്പട്ടു ചുറ്റി കാൽചിലമ്പുകൾ കിലുക്കി, വാളും പരിചയും കൈകളിലേന്തി ഓടുകയും, ചാടുകയും, ചെണ്ടമേളത്തിനനുസരിച്ച് നൃത്തമാടുകയും, മൃഗബലി (ആട്, കോഴി) നടത്തി ഉഗ്രരൂപിണികളായും, ഒപ്പം ശാന്തരൂപം കൈവരിച്ച് അനുഗ്രഹം ചൊരിയുന്നതുമായ സ്ത്രീ ദൈവങ്ങളെയും, പുരുഷ ദൈവങ്ങളെയും കാണാം. (അമ്മദൈവങ്ങളാണ് ഉഗ്രരൂപിണികളും, ബലിതല്പരരും).

കളിയാട്ടങ്ങൾ

കാവുകളിലും തറവാട്ടുകളിലും തെയ്യം കെട്ടിയാടുന്നതിനെയാണ് കളിയാട്ടമെന്ന് വിശേഷിപ്പിക്കുന്നത്. നേർച്ചയായി കഴിപ്പിക്കുന്ന തെയ്യങ്ങളും, നിശ്ചിത സമയത്ത് കെട്ടിയാടുന്ന തെയ്യങ്ങളും. ഇങ്ങനെ പല തരം ആചാരങ്ങളുള്ള നാടാണ് ഉത്തര മലബാർ. കുറേ വർഷങ്ങൾക്കു ശേഷം മുടങ്ങിക്കിടന്ന കളിയാട്ടം നടത്തുമ്പോൾ അത് പെരുങ്കളിയാട്ടമായി മാറുന്നു.

തലമുറ കൈമാറി വന്ന തോറ്റം പാട്ടുകൾ ഉയരുമ്പോൾ കോലക്കാരൻ വർണ്ണപ്പകിട്ടേറിയ തെയ്യക്കോലമണിഞ്ഞ് കണ്ണാടിയിൽ നോക്കി തന്റെ ദൈവികമായ പ്രതിബിംബം കാണുന്നതോടെ അയാളിൽ ദൈവചൈതന്യം നിറയുന്നു. തുടർന്നാണ് തെയ്യങ്ങളുടെ ചുവടുവെയ്പ്പും, നടനവും. ഇതൊരു സുന്ദരമായ കാഴ്ചയാണ്.

അമ്മക്കോലങ്ങൾ

അമ്മ ദൈവങ്ങൾക്കാണ് ഉത്തര കേരളത്തിൽ പ്രാധാന്യമേറെ. ദ്രാവിഡജനതയ്ക്ക് പ്രിയം അമ്മ ദേവതമാരെയാണ് എന്ന് ചരിത്രം പറയുന്നു. അമ്മക്കോലങ്ങളിൽ പ്രധാനം തായ്പരദേവത, മുച്ചിലോട്ട് ഭഗവതി, വീരചാമുണ്ഡി, പുതിയ ഭഗവതി... എന്നിവയാണ്. ഇതോടൊപ്പം വീരൻമാരെയും മൺമറഞ്ഞ പൂർവ്വികന്മാരെയും തെയ്യക്കോലമാക്കി ആരാധിക്കുന്നു. കടാങ്കോട്ട് മാക്കവും, കതിവന്നൂർ വീരനുമൊക്കെ ഇത്തരത്തിൽപ്പെടുന്നു.

തെയ്യക്കോലങ്ങൾക്ക് ശാന്തതയും, രൗദ്രതയും നൽകുന്നത് മുഖത്തെഴുത്തിൽ കൂടിയാണ്. മുച്ചിലോട്ടു ഭഗവതി തുടങ്ങിയ ദൈവക്കോലങ്ങളുടെ മുഖത്തെഴുത്തിന് മണിക്കൂറുകൾ എടുക്കും. പൊതുവെ പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കളാണ് തെയ്യങ്ങളുടെ ചമയത്തിനായ് ഉപയോഗിക്കുന്നത്. കുരുത്തോലയാണ് പ്രധാന ചമയക്കോപ്പ്.

ഇതുകൊണ്ടാണ് തിരുമുടിയും, അരമയും ഉണ്ടാക്കുന്നത്. മേലേരി (അഗ്നികുണ്ഡം) യിൽ വീഴുന്ന തെയ്യങ്ങൾക്ക് കുരുത്തോലയാൽ നിർമ്മിച്ച 'ഒലി' ഉണ്ടാകും. ഇതിലാണ് അവരുടെ സുരക്ഷ. പന്തങ്ങൾ അരയിലണിയുന്ന ദൈവങ്ങൾക്കും 'ഒലി' ധരിക്കേണ്ടതുണ്ട്. കൈകളിൽ ചെത്തിപ്പൂ കൊണ്ടുള്ള കൈത്തണ്ടയും, നാന്ദകവാളും, ശൂലവും അണിഞ്ഞും, വലിയ തിരുമുടി അണിഞ്ഞും, അരയിൽ പന്തങ്ങൾ അണിഞ്ഞും, അണിയാതെയും പലതരം തെയ്യങ്ങൾ കാവിനെ ഭക്തിസാന്ദ്രമാക്കുന്നു. ഇതൊക്കെ അനുഭവിച്ചറിയേണ്ട കാര്യമാണ്.

കാവുകൾ ഗ്രാമീണകേരളത്തിന്റെ ആത്മാവ്

നിരക്ഷരരായ പീഡിത വർഗത്തിന്റെ ആരാധന കേന്ദ്രങ്ങളാണ് കാവുകൾ, അടിയാളരുടെ വേദനകളും, അമർഷങ്ങളുമാണ് പല തെയ്യക്കോലങ്ങളുടെയും ഉത്ഭവത്തിനു കാരണമായത്. സംക്രാന്തിക്കും, വിഷു, പുത്തരി തുടങ്ങി അപൂർവ്വം ദിനങ്ങളിലേ ഇവിടെ തുറന്ന പൂജകളുണ്ടാകാറുള്ളൂ. ഇവിടുത്തെ മൗനം ഭഞ്ജിക്കപ്പെടുന്നത് ആണ്ടിലൊന്നോ, കൂടിയാൽ നാലു ദിനമോ നടത്തുന്ന കളിയാട്ട സമയത്താണ്.

പ്രകൃതി ദുരന്തങ്ങളും, പകർച്ച വ്യാധികളും (വസൂരി) നടമാടിയ കാലത്ത് നിസ്സഹായരായ ഗ്രാമീണ ജനത തങ്ങളുടെ ദുഃഖങ്ങൾ പറഞ്ഞ് വിലപിച്ചത് കാവുകളിൽ കുടികൊള്ളുന്ന അച്ഛിമാരോടാണ് (അമ്മ ദൈവങ്ങൾ). കളിയാട്ടനാളിൽ അച്ഛിമാർക്കു മുന്നിൽ സങ്കടങ്ങൾ കേൾപ്പിക്കുമ്പോൾ

'തൊണ്ണൂറ്റാറ് മഹാവ്യാധിക്കും നൂറ്റെട്ടൗഷധമായ് നിലവോരാം ഞാൻ...'

എന്ന് തെയ്യങ്ങൾ ആശ്വസിപ്പിക്കുമ്പോൾ ഭക്തരുടെ മനം തെളിയുന്നു. ഒരു തരം മനഃശാസ്ത്രചികിത്സയാണ് ഇവിടെ നടക്കുന്നത്. നമ്മുടെ പരാതികൾ കേൾക്കാനും അവയ്ക്കു സ്നേഹത്തോടെ പരിഹാരം നൽകാനും കഴിയുന്ന അച്ഛിമാരെ ഞങ്ങൾ കണ്ണൂരുകാർ നമിക്കാതെ മറ്റെന്ത് ചെയ്യാൻ! സമാധാനം നിറഞ്ഞ മനസ്സുമായി നിൽക്കുമ്പോൾ

'...ഉടുക്കുന്ന തുകിലിനും, കുടിക്കുന്ന കഞ്ഞിക്കും ഊനം കൂടാതിട്ടു രക്ഷ വേണ്ടും പോറ്റിപ്പോറ്റുന്ന അച്ഛിയായ് ഞാൻ നിലകൊള്ളും.'

എന്ന് മൊഴിഞ്ഞ് പ്രസാദമായ മഞ്ഞൾക്കുറി (മഞ്ഞൾപ്പൊടി) വാരിയെറിഞ്ഞ് തെയ്യങ്ങൾ അനുഗ്രഹവർഷം ചൊരിയുമ്പോൾ ഗ്രാമീണജനതയുടെ മനം നിറയുന്നു, അവിടെ പ്രത്യാശയുടെ പൂക്കൾ വിരിയുന്നു.

കളിയാട്ടങ്ങൾ ഗ്രാമത്തിന്റെ ഉത്സവമാണ്. വയലിൽ പകൽ മുഴുവൻ പണി ചെയ്ത് നിത്യവൃത്തി കഴിച്ചു കൂട്ടുന്ന ഗ്രാമീണ ജനതയ്ക്ക് ഉത്സവലഹരി നൽകുന്ന കാലമാണ് കളിയാട്ടവേളകൾ. കുരുത്തോല കൊണ്ടലങ്കരിച്ച് കാവും പരിസരവും മോടി കൂട്ടുന്നു. ഇത് കുടുംബസംഗമവേദികൂടിയാണ്. തറവാടുകളിൽ നടത്തുന്ന കളിയാട്ടത്തിന് പല സ്ഥലങ്ങളായി ചിതറിക്കിടക്കുന്ന ബന്ധുക്കൾ വന്നെത്തുമ്പോൾ അണുകുടുംബങ്ങളിൽ ജീവിക്കുന്ന ഇളംകുരുന്നുകൾക്ക് അതൊരു അനുഭവമായി മാറുന്നു. അതുപോലെ കളിയാട്ടം കാണാൻ വന്നെത്തുന്നവർക്കെല്ലാം പരിസരവാസികൾ ഹൃദ്യമായ പെരുമാറ്റംകൊണ്ടും, സൽക്കാരകൊണ്ടും വരവേൽക്കുന്നു.

കണ്ണൂർ എന്ന് കേൾക്കുമ്പോൾ ഇവിടുള്ള (മുംബൈ) സ്നേഹിതർ പറയുന്നത് നിങ്ങളുടെ നാട്ടിലെന്നും കത്തിക്കുത്തും, ബോംബേറുമൊക്കെയല്ലേ എന്നാണ്. പക്ഷെ യഥാർത്ഥ കണ്ണൂരുകാർ ആതിഥ്യമര്യാദയും, സ്നേഹമുള്ളവരുമാണ്. പിന്നെ കളരികൾ നിറഞ്ഞ നാട്ടിൽ പിൽക്കാലത്ത് വിപ്ലവം തലയ്ക്ക് പിടിച്ചപ്പോൾ ന്യൂനപക്ഷം ചേർന്ന് അക്രമത്തെ കൂട്ടു പിടിക്കുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ബഹുഭൂരിപക്ഷം ജനതയും സമാധാനപ്രിയരാണ്. കളിയാട്ടങ്ങൾ പ്രത്യേകിച്ച് പെരുങ്കളിയാട്ടങ്ങൾ നടത്തുമ്പോൾ ജാതിമതഭേദമെന്യേ എല്ലാവരും ഇതിൽ പങ്കാളികളാകുന്നു. ഇതിന്റെ നടത്തിപ്പിനായി തങ്ങളുടേതായ സംഭാവനകൾ നൽകി കൂട്ടായ്മയുടെ ശക്തി തെളിയിക്കുന്നു.

മരക്കപ്പലിൽ കയറി കേരളത്തിൽ എത്തി ഇവിടെ കുടികൊണ്ടവരാണ് പല അമ്മ ദൈവങ്ങളും. ഗ്രാമത്തിന്റെ രക്ഷകരായ അച്ഛിമാരുടെ ഉത്സവത്തിന് ഗ്രാമമൊന്നാകെ ഒരുമിക്കുന്നു. ഇത്തരം ഒരുമയും, കൂട്ടായ്മയുമല്ലേ ഗ്രാമീണ കേരളത്തിന്റെ മുഖമുദ്രയും!

മുന്നൂറിൽപ്പരം തെയ്യങ്ങളുണ്ടെന്നാണ് പറയപ്പെടുന്നത്. ഇപ്പോൾ തെയ്യത്തിന് കാവിനു പുറത്തും ആടാമെന്ന അനുമതി വിശേഷം ഉണ്ടായിട്ടുണ്ട്. സിനിമയിലും, കേരളത്തിനു പുറത്തും ഒരു കലാരൂപമെന്ന നിലയിൽ തെയ്യക്കോലങ്ങൾ ആടുന്നുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഇത് എവിടെയും പ്രദർശിപ്പിക്കാവുന്ന കലാരൂപമല്ല. ഏറെ ആചാരാനുഷ്ഠാനത്തോടു കൂടിയ ദൈവിക കലയാണ്. കലാരൂപങ്ങളെല്ലാം ഇന്ന് കച്ചവടച്ചരക്കായി മാറുമ്പോൾ തെയ്യങ്ങൾക്കും അതിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയുന്നില്ല. എങ്കിലും ഇന്നും ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെല്ലാം വളരെ നിഷ്ഠാപൂർവമാണ് കളിയാട്ടക്കാർ കളിയാട്ടമാടുന്നത്. അവർക്ക് ഇതൊരു ജന്മനിയോഗമാണ്. കേവലം മനുഷ്യനായ കീഴാളന് അല്പനേരത്തേക്കെങ്കിലും ദൈവമായി മാറാനുള്ള അപൂർവ ഭാഗ്യമാണ് ഇതിലൂടെ ലഭിക്കുന്നത്.

പുതിയ കാലത്തിലെ പുത്തൻ വിനോദോപാധികൾ കലാരംഗം കൈയടക്കുമ്പോഴും ദൈവിക കലയായ തെയ്യാട്ടത്തിന് മങ്ങലേൽക്കുന്നില്ല. ഇതിനു കാരണം ദൈവാനുഗ്രഹം തന്നെയല്ലേ!

◆

നമ്മുടെ ഓണമഹോത്സവം 2016

(പേജ് 1 ന്റെ തുടർച്ച)

കമ്മിറ്റി അംഗങ്ങളുടെ സേവനത്തെയും പ്രശംസിക്കാതെ വയ്യ. ഒരു കലാപരിപാടി പോലും ആസ്വദിക്കാൻ പറ്റാതെ ഇവർ പാചകശാലയിലായിരുന്നു. കുടുംബശ്രീയുടെയും, ആഭരണങ്ങളുടെയും സ്റ്റാളുകളും ഉണ്ടായിരുന്നു. സമാജത്തിന്റെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് പ്രസ്തുത അവസരത്തിൽ ശ്രീ ജോർജ്ജ് കരുവാറ്റ വിശദീകരിച്ചു. ശബ്ദവും വെളിച്ചവും തന്ന വ്യക്തികളെയും, പ്രസ്തുത പരിപാടി അതിമനോഹരമായി ഒപ്പിയെടുത്ത 'റിതിക വിഡിയോ സ്റ്റുഡിയോ'ക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഓണമഹോത്സവത്തിന് ചന്തംകൂട്ടിയ എല്ലാവർക്കും സമ്മാനങ്ങൾ നല്കി. ആവേശമുണർത്തിയ ലേലംവിളിയും, വടംവലിയും കാണികൾക്ക് ഏറെ ഇഷ്ടമായി.

മഴയുടെ ആഗമനത്താൽ കുളിരു നിറഞ്ഞ അന്തരീക്ഷത്തിൽ നടന്ന ഇക്കൊല്ലത്തെ ഓണാഘോഷം സഹൃദയരായ കാണികൾക്കും നല്ലൊരനുഭവമായി.

◆